താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി പുനലൂർ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ചേർത്തല, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ഒറ്റപ്പാലം എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് അനുമതി ലഭിച്ച ഡയാലിസിസ് യൂണിറ്റുകൾ യഥാക്രമം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കരുനാഗപ്പള്ളി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കായംകുളം, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ചിറ്റൂർ എന്നിവിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പെട്ടെന്നുണ്ടാകുന്ന വൃക്കസ്തംഭനം വന്ന് ഡയാലിസിസ് വേണ്ടിവരുന്ന രോഗികൾക്ക് സൗജന്യമായാണ് ഡയാലിസിസ് ചെയ്യുന്നത്. സ്ഥായിയായ വൃക്കസ്തംഭനം വന്ന രോഗികൾക്ക് കുറഞ്ഞ നിരക്കിൽ ഡയാലിസിസ് ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് കാരുണ്യ ഡയാലിസിസ് പദ്ധതി പ്രകാരം രണ്ട് ലക്ഷം രൂപയുടെ സൗജന്യ ഡയാലിസിസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരം 30,000 രൂപയും ചിസ് പ്ലസ് പദ്ധതി പ്രകാരം 70,000 രൂപയും കുറഞ്ഞ നിരക്കിൽ ഡയാലിസിസ് ചെയ്യുന്നു.

## ഹെൽത്ത് ട്രാൻസ്പോർട്ട് സെൻട്രൽ വർക്ക്ഷോപ്പുകൾ

75(2543) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ എത്ര ഹെൽത്ത് ട്രാൻസ്പോർട്ട് സെൻട്രൽ വർക്ക്ഷോപ്പുകളുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വർക്ക്ഷോപ്പുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ തസ്തികകൾ സൂപ്പർ ന്യൂമററിയായി മാറ്റുന്നതിന് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

(ഡി) പ്രസ്തുത വർക്ക്ഷോപ്പുകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് ഒരു ഹെൽത്ത് ട്രാൻസ്പോർട്ട് സെൻട്രൽ വർക്ക്ഷോപ്പ് പ്രവർത്തിച്ചുവരുന്നു.

(ബി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല

(സി&ഡി) സെൻട്രൽ വർക്ക്ഷോപ്പിൽ ഇപ്പോൾ നിലവിലുള്ള തസ്തികകൾ സൂപ്പർ ന്യൂമററിയായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ പുതുതായി ജീവനക്കാരെ നിയമിക്കുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly